LIBRARY ARCHIVES Kerala Legislative Assembly

പുതിയ സബ്ട്രഷറികൾ

41 [1871] *ശ്രീ. യു. സി. രാമൻ:*

,, *സി. ടി. അഹമ്മദ് അലി:*

,, *പി. കെ. അബ്ദുറബ്ബ്:*

,, *കെ. എൻ. എ. ഖാദർ:*

,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സബ്ട്രഷറികൾ തുറക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) അവ എന്നത്തേക്ക് തുറന്നു പ്രവർത്തിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. കണ്ണൂർ ജില്ലയിൽ ആലക്കോട്
2. മലപ്പുറം ജില്ലയിൽ വണ്ടൂർ
3. ആലപ്പുഴ ജില്ലയിൽ മാന്നാർ
4. കൊല്ലം ജില്ലയിൽ പവറ
5. കൊല്ലം ജില്ലയിൽ പടയമംഗലം
6. തൃശ്ശൂർ ജില്ലയിൽ മണലൂർ
7. തിരുവനന്തപുരം ജില്ലയിൽ കടയ്ക്കാവൂർ.

(സി) പ്രസ്തുത ട്രഷറികൾ ഈ സാമ്പത്തികവർഷംതന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പുതിയ സബ്ട്രഷറികൾ തുടങ്ങാൻ തീരുമാനം

42 [1872] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സബ്ട്രഷറി തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 2005-2006 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്ര സബ്ട്രഷറികൾ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ പുതിയ സബ്ട്രഷറി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?